"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് -ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി കാർഡ് ഹോൾഡറുകൾ ലഭ്യമാക്കിയ വകയിൽ കെൽട്രോൺ ആവശ്യപ്പെട്ടിരുന്ന തുക അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.258/2026/GAD തീയതി,തിരുവനന്തപുരം, 19-01-2026

---

പരാമർശം:-

1. 16.10.2025 ലെ ആഭ്യന്തര (എസ്.സി) വകുപ്പിന്റെ HOME-SC2/287/2025-HOME നമ്പർ അനൗദ്യോഗികക്കുറിപ്പ്.
2. കെൽട്രോൺ ഹെഡ്ഡിന്റെ 08.01.2026 ലെ KECM/SSG/F2(P)0307/25-26/1005നമ്പർ കത്ത്

**ഉത്തരവ്**

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ബയോമെടിക്ക് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ (പഞ്ചിംഗ് സിസ്റ്റം)ഭാഗമായി തിരിച്ചറിയൽ കാർഡിനോടൊപ്പം വിതരണം ചെയ്യുന്ന കാർഡ് ഹോൾഡറുകൾ സ്റ്റോക്കിൽ കുറവായതിനാൽ 1000 എണ്ണം കാർഡ് ഹോൾഡറുകൾ (Box type) അടിയന്തരമായി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ആഭ്യന്തര(എസ്.സി)വകുപ്പ് പരാമർശം 1 പ്രകാരം ആവശ്യപ്പെടുകയുണ്ടായി. ആയത് പ്രകാരം വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ 1000 എണ്ണം Card holder (Box type) കൾ ആഭ്യന്തര(എസ്.സി)വകുപ്പിൽ ലഭ്യമാക്കുകയും ഈ വകയിൽ 32,002/-രൂപ (മുപ്പത്തിരണ്ടായിരത്തി രണ്ട് രൂപ മാത്രം) കെൽട്രോണിന് അനുവദിച്ച് നൽകുവാനും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 2 പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ബയോമെടിക്ക് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ (പഞ്ചിംഗ് സിസ്റ്റം)ഭാഗമായി തിരിച്ചറിയൽ കാർഡിനോടൊപ്പം വിതരണം ചെയ്യുന്നതിനായി Card holder (Box type) 1000 എണ്ണം ആഭ്യന്തര(എസ്.സി)വകുപ്പിൽ ലഭ്യമാക്കിയ വകയിൽ 32,002/-രൂപ (മുപ്പത്തിരണ്ടായിരത്തി രണ്ട് രൂപ മാത്രം) കെൽട്രോണിന് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

അണ്ടർ സെക്രട്ടറി, പൊതുഭരണ (അക്കൗണ്ട്സ്-എ) വകുപ്പ് 2052-090-99-05-OE4-Other items എന്ന ശീർഷകത്തിൽ നിന്നും 32,002/-രൂപ (മുപ്പത്തിരണ്ടായിരത്തി രണ്ട് രൂപ മാത്രം) പിൻവലിച്ച് M/s കെൽട്രോണിന് ( IFSC-SBIN0004350, Acct.no.10183255263 ) നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ജനറൽ മാനേജർ, M/s കെൽട്രോൺ സെക്യൂരിറ്റി & സർവൈലൻസ് ഗ്രൂപ്പ്, കരകുളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പൊതുഭരണ (അക്കൗണ്ട്സ് -എ) വകുപ്പ് (3 പകർപ്പ്)
ധനകാര്യ (എക്സ്പെൻഡീച്ചർ-ബി) വകുപ്പ്
ആഭ്യന്തര(എസ.സി) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്
(വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനായി)

ഉത്തരവിൻ പ്രകാരം

Signed by
Sabu T K
Date: 19-01-2026 17:34:34
സെക്ഷൻ ഓഫീസർ